പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 100

# 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 100

# 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

225/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 100

# 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

2022-2023 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2022-2023 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിന് വേണ്ടി 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റ് (2003-ലെ 30) വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1\. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2022 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2\. 2003-ലെ 30-ാം ആക്റ്റിന്റെ ഭേദഗതി.—2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിലെ (2003-ലെ 30) 3-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"3\. ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി.—ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം സർക്കാർ ഗാരണ്ടികൾ, മുൻവർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മൊത്തം റവന്യൂ വരുമാനത്തിന്റെ 100 ശതമാനമോ അല്ലെങ്കിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഎസ്ഡിപി) 10 ശതമാനമോ ഇതിൽ ഏതാണോ കുറവ്, അത് ആയിരിക്കേണ്ടതാണ്.".

## 1985-ലെ കേരള താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരമുള്ള പ്രഖ്യാപനം

1985-ലെ കേരള താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരം ഈ ബില്ലിലെ വ്യവസ്ഥകൾക്ക് 2022 ഏപ്രിൽ 1-ാം തീയതിയിലും അന്നുമുതലും പ്രാബല്യമുണ്ടായിരിക്കേണ്ടത് പൊതുതാല്പര്യാർത്ഥം യുക്തമാണെന്ന് ഇതിനാൽ പ്രഖ്യാപിച്ചുകൊള്ളുന്നു.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ധനകാര്യ സ്ഥാപനങ്ങൾ/ബാങ്കുകൾ എന്നിവയിൽ നിന്നും പണം സ്വരൂപിക്കുന്നതിനായി സർക്കാർ വകുപ്പുകൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും, കോർപ്പറേഷനുകൾക്കും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾക്കും, സഹകരണ സ്ഥാപനങ്ങൾക്കും സർക്കാർ ഗാരണ്ടി നൽകി വരുന്നുണ്ട്. അത്തരം സംഗതികളിൽ സർക്കാർ, ഗുണഭോക്തൃ സ്ഥാപനങ്ങളുടെ മേൽ പ്രതിവർഷം മൊത്തം ഗാരണ്ടി തുകയുടെ 0.75 ശതമാനം നിരക്കിൽ ഗാരണ്ടി കമ്മീഷൻ ചുമത്തുകയും ചെയ്യുന്നുണ്ട്. 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റ് (2003-ലെ 30) പ്രകാരം ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം സർക്കാർ ഗാരണ്ടികൾ, സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് അതത് സാമ്പത്തിക വർഷത്തേക്ക് കണക്കാക്കുന്ന മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ അഞ്ച് ശതമാനത്തിൽ കവിയാൻ പാടുള്ളതല്ല. സമീപകാലങ്ങളിൽ ബാങ്കുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും ഗവൺമെന്റ് ഗാരണ്ടിക്കായുള്ള ആവശ്യം വർദ്ധിക്കുകയുണ്ടായി. മാത്രമല്ല, പ്രധാനപ്പെട്ട സർക്കാർ പദ്ധതികളുടെ ഫണ്ട് സ്വരൂപിക്കുന്നതിനും ഗാരണ്ടിയുടെ ആവശ്യം വേണ്ടിവരുന്നുണ്ട്. നിലവിലെ ഗാരണ്ടി പരിധി കാരണം ഇപ്രകാരം ധനവിനിയോഗത്തിന് തടസ്സം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ഗവൺമെന്റ് ഗാരണ്ടികളുടെ നിലവിലുള്ള പരിധി വർദ്ധിപ്പിച്ച് നിശ്ചയിക്കുക എന്നത് വിവേകപൂർവ്വമായ ധനകാര്യ മാനേജ്മെന്റിന്റെ താല്പര്യത്തിനും സാമൂഹ്യവും ഭൗതികവുമായ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അനുപേക്ഷണീയമായി തീർന്നിരിക്കുന്നു. ആയതിനാൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തന്നെ ഗവൺമെന്റ് ഗാരണ്ടിയുടെ പരമാവധി പരിധി നിലവിലുള്ള സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 5% എന്നതിൽ നിന്നും, ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതിയിലെ മൊത്തം സർക്കാർ

ഗാരണ്ടികൾ മുൻവർഷത്തെ മൊത്തം റവന്യൂ വരുമാനത്തിന്റെ 100 ശതമാനമോ അല്ലെങ്കിൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഎസ്ഡിപി) 10 ശതമാനമോ ഇതിൽ ഏതാണോ കുറവ്, അതായിരിക്കും എന്ന രീതിയിൽ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിലെ 459-ാം ഖണ്ഡികയിൽ പ്രഖ്യാപിച്ചിട്ടുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനായി 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റ് (2003-ലെ 30) ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

കെ. എൻ. ബാലഗോപാൽ.

## 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിൽ (2003-ലെ 30) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

3. ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി.—ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം ഗവൺമെന്റ് ഗാരണ്ടികൾ സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, അതതു സാമ്പത്തിക വർഷത്തേക്ക് കണക്കാക്കുന്ന സംസ്ഥാനത്തിന്റെ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ അഞ്ച് ശതമാനത്തിൽ കവിയാൻ പാടുള്ളതല്ല.

** ** ** **